പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3544** **10. 04. 2013-** ലെ മറുപടി

<u>ഗൾഫ് നാട്ടുകളിൽ സ്വദേശിവൽക്കരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. എ. കെ. ബാലൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യ അടക്കമുള്ള ഗൾഫ് നാട്ടുകളിൽ സ്വദേശിവൽക്കരണം നടപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വിവിധ ഗൾഫ് രാജ്യങ്ങളിൽ സ്വദേശി വൽക്കരണം നടപ്പാക്കുന്നതായിട്ടുള്ള മാധ്യമറിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രത്യേകിച്ച് സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശി വത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി അവിടെ തൊഴിലെടുക്കുന്ന പ്രവാസി കേരളീയർക്കിടയിൽ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. ഇതിനു പുറമേ അനധികൃത താമസക്കാരെയും, ഫ്രീ വിസക്കാരെയും, സ്വന്തം സ്പോൺസറുടെ കീഴിലല്ലാതെ ജോലി ചെയ്യുന്നവരെയും കണ്ടെത്തുന്നതിനുള്ള പരിശോധന സൗദി സർക്കാർ കർശനമാക്കിയിട്ടുണ്ട്. |
| (ബി) ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന മലയാളികളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) തിരികെ വന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സൗദി അറേബ്യയിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ |

പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനായി മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല ക്യാബിനറ്റ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി)ഇവരുടെ പുനരധിവാസത്തിന് കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെടുമോ;

(ഡി)ഇക്കാര്യത്തിൽ എന്ത് മുൻകരുതലാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

(സി & ഡി) തദ്ദേശവത്കരണം കാരണം വിദേശരാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെക്കുറിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമായി വിശദ പരിശോധന നടത്തിയശേഷം ആവശ്യമാണെന്ന് കണ്ടാൽ പുനരധിവാസത്തിന് കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജിനായി നീങ്ങാവുന്നതാണ്.

സെക്ഷൻ ഓഫീസർ